# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1252** **05.03.2020-ൽ മറുപടിയ്ക്ക്**

**<u>പുത്തൂർ മത്സ്യമാർക്കറ്റിന്റെ നവീകരണം</u>**

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | | മറുപടി<br>**ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|---|
| എ) ഈ സർക്കാരിന്റെ കാലയളവിൽ ഫിഷറീസ് മേഖലയിൽ നടപ്പാക്കിയ പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ; | എ) | ഈ സർക്കാരിന്റെ കാലയളവിൽ ഫിഷറീസ് മേഖലയിൽ നടപ്പാക്കിയ പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ പ്പെടുന്ന പുത്തൂർ മത്സ്യമാർക്കറ്റിന്റെ നവീകരണത്തിനായി ഫിഷറീസ് വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; പദ്ധതി യുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ? | ബി) | കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ പുത്തൂർ മത്സ്യമാർക്കറ്റ് കിഫ്ബിയിൽ ഉൾപ്പെടുത്തി പുനരുദ്ധരിക്കുന്നതിനായി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടി മാർക്കറ്റ് നവീകരിക്കുന്നതിന് സ്ഥലം സന്ദർശിച്ച് എസ്റ്റിമേറ്റ്, പ്ലാൻ, ഡി.പി.ആർ എന്നിവ തയ്യാറാക്കി വരുന്നു. |

**സെക്ഷൻ ആഫീസർ**

## അനുബന്ധം

ഈ സർക്കാരിന്റെ കാലയളവിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, ഫിഷറീസ് വകുപ്പ് നേരിട്ട്, മത്സ്യഫെഡ്, സാഫ് എന്നിവ മുഖാന്തിരം ഫിഷറീസ് മേഖലയിൽ നടപ്പാക്കിയ പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കടൽത്തീരത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം: 2019-20 മുതൽ 2021-22 വരെ വിഭാവനം ചെയ്തിട്ടുള്ള പുനർഗേഹം പദ്ധതി ആരംഭിച്ചു 18685 കുടുംബങ്ങളെയാണ് പുനരധിവസിപ്പിക്കുന്നത്.
2. മത്സ്യത്തൊഴിലാളി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി ഫ്ളാറ്റ് നിർമ്മാണം മുട്ടത്തറയിൽ 192 പേർക്ക് ഫ്ളാറ്റ് നിർമ്മിച്ചു നൽകി. കൂടാതെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പൊന്നാനി, കണ്ണൂർ ജില്ലകളിൽ ഫ്ളാറ്റ് നിർമ്മാണത്തിനുള്ള നടപടി ആരംഭിച്ചു
3. കടൽ രക്ഷാപ്രവർത്തനത്തിന് മൂന്ന് മറൈൻ ആംബുലൻസുകൾ 18.24 കോടി രൂപയാണ് അടങ്കൽ തുക.
4. മത്സ്യത്തൊഴിലാളികൾക്ക് സൗജന്യമായി ലൈഫ് ജാക്കറ്റ്.
5. മത്സ്യത്തൊഴിലാളികൾക്ക് 1500 കിലോമീറ്റർ വരെ സന്ദേശം അയക്കാൻ സാധിക്കുന്ന ഐ.എസ്.ആർ.ഒ വികസിപ്പിച്ച നാവിക് ഉപകരണം.
6. മത്സ്യത്തൊഴിലാളികൾക്ക് സാറ്റലൈറ്റ് ഫോൺ.
7. കടൽ സുരക്ഷ പദ്ധതിയിലുൾപ്പെടുത്തി GPS, VHF, Marine Radio, DAT, Eco Sounder എന്നിവയുടെ വിതരണം.
8. മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി.
9. നീലവിപ്ലവം പദ്ധതിയിലുൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് 200 FRP ബോട്ടുകൾ. ഓഖി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി 120 FRP ബോട്ടുകളുടെ വിതരണം.
10. ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ പുതിയ ഫിഷറീസ് സ്റ്റേഷനുകൾ
11. കടലിൽ പോകുന്നതും തിരികെ വരുന്നതുമായ മത്സ്യബന്ധന യാനങ്ങൾ മോണിറ്റർ ചെയ്യുന്നതിനായി സാഗര മൊബൈൽ ആപ്പ് വികസിപ്പിച്ചു
12. ഹാർബറുകളിൽ നിരീക്ഷണ ക്യാമറകൾ
13. പ്രധാന ഹാർബറുകളിൽ എൽ.ഇ.ഡി ഡിസ് പ്ലേ ബോർഡ്.
14. മത്സ്യത്തിലെ മായം കണ്ടെത്താൻ സി.ഐ.എഫ്.റ്റിയുടെ സഹായത്തോടെ പേപ്പർ സ്ട്രിപ്പ് സാങ്കേതിക വിദ്യ.
15. കടലിന്റെ അടിത്തട്ട് മുതൽ പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യുന്നതിന് ശുചിത്വ സാഗരം പദ്ധതി.
16. ഗുണമേന്മയുള്ള മത്സ്യം ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനായി ഹാർബറുകളിൽ നിന്ന് നേരിട്ട് മത്സ്യം സംഭരിച്ച് മത്സ്യഫെഡ് മുഖേന വിതരണം ചെയ്യുന്നതിന് അന്തിപ്പച്ച മൊബൈൽ ഫിഷ് യൂണിറ്റുകൾ തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ 5 യൂണിറ്റുകൾ.
17. പ്രാദേശിക പങ്കാളിത്തം ഉറപ്പാക്കി മത്സ്യവിഭവ സംരക്ഷണത്തിന് ഫിഷറീസ് മാനേജമെന്റ് കൗൺസിലുകൾ.
18. മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും കടലിന്റെ അടിത്തട്ടിൽ കൃത്രിമമായ ആവാസവ്യവസ്ഥ സൃഷ്ടിച്ചത് മത്സ്യ ലഭ്യത വർദ്ധിപ്പിക്കുന്നതിന് കൃത്രിമപ്പാര് പദ്ധതി.
19. ഫിഷറീസ് സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കുന്ന പദ്ധതി.
20. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ കായിക അഭിരുചി വളർത്തുന്നതിന് കായിക പ്രോത്സാഹന പദ്ധതികൾ.
21. തീരദേശ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ.

22. കൊല്ലം, ആലപ്പുഴ, എറണാകുളം, മലപ്പുറം ജില്ലകളിൽ 2000 വിദ്യാർത്ഥിനികൾക്ക് സൈക്കിൾ
23. 4000 കുടുംബങ്ങൾക്ക് ഭവന പുനർവൈദ്യുതീകരണത്തിന് 8 കോടി രൂപയുടെ പദ്ധതി.
24. മത്സ്യത്തൊഴിലാളി വനിതകളെ ജോയിൻറ് ലയബിലിറ്റി ഗ്രൂപ്പുകളാക്കി വായ്പാ വിതരണം.
25. മത്സ്യമാർക്കറ്റുകളുടെ നവീകരണം.
26 അക്ഷര സാഗരം പദ്ധതി
27 മത്സ്യത്തൊഴിലാളികൾക്ക് പലിശ രഹിത വായ്പ.
28. തീര സംരക്ഷണ പദ്ധതികൾ
29. സംസ്ഥാനത്തെ മത്സ്യ വിത്തുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള ഫിഷ് ഫാമുകൾ, ഹാച്ചറികൾ എന്നിവ വളരെ കാര്യക്ഷമമായി പുനരുദ്ധരിച്ചു വരുന്നു. തീരദേശ വികസന കോർപ്പറേഷൻ മുഖേന മുഖ്യ ഫാമുകൾ/ഹാച്ചറികളായ ഓടയം, നെയ്യാർ, ആയിരംതെങ്ങ്, പന്നിവേലിച്ചിറ, ഇടകൊച്ചി, പൊയ്യ, ഇരഞ്ഞോളി എന്നിവയുടെ പുനരുദ്ധാരണം ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

**സെക്ഷൻ ആഫീസർ**